# കോള നാടുവിടുന്നതുവരെ സമരം തുടരും : സുബ്രഹ്മണ്യ മൂപ്പൻ


ആദിവാസി മൂപ്പൻ സുബ്രഹ്മണ്യൻ

**പ്ലാച്ചിമടയിലെ** കോള കമ്പനി നാടുവിടുന്നതുവരെ ആദിവാസികൾ സമരമുഖത്ത് ഉറച്ചു നിൽക്കുമെന്ന് പ്ലാച്ചിമട കോളനിയിലെ ആദിവാസി മൂപ്പൻ സുബ്രഹ്മണ്യൻ. പട്ടിണി കിടന്ന് മരിക്കേണ്ടി വന്നാലും വിജയം കാണാതെ സമരത്തിൽനിന്ന് പിന്മാറ്റമില്ലെന്നും അദ്ദേഹം പറഞ്ഞു.

1000 ദിവസം പൂർത്തീകരിച്ചുവെങ്കിലും ഞങ്ങളുദ്ദേശിച്ച കാര്യം നേടിയിട്ടില്ല. ഞങ്ങളിപ്പോൾ നടുക്കടലിലകപ്പെട്ട് നിൽക്കുന്നു. കരകയറ്റുന്നതുവരെ, എത്ര ബുദ്ധിമുട്ടുണ്ടായാലും സഹിച്ച് സമര രംഗത്ത് ഉറച്ചു നിൽക്കാനാണ് തീരുമാനം.

*ഈ സമരത്തിന് ഇടതുപക്ഷ കക്ഷികളുടെ പിൻതുണയുണ്ടായിട്ടും സമരം ശക്തിപ്പെടാത്തതെന്തുകൊണ്ടാണ്?*

രാഷ്ട്രീയ പാർട്ടികൾ ഞങ്ങളോടൊപ്പം ഉറച്ചുനിൽക്കുമെന്ന് വിശ്വസിച്ചതാണ് തെറ്റിയത്. വോട്ട് തട്ടാൻ മാത്രമാണിവർ ഞങ്ങളുടെ സമരത്തോടൊപ്പം വന്നതെന്ന് ഇപ്പോൾ തോന്നുന്നു.

ഞങ്ങൾ ഐക്യത്തോടെ നിന്ന് സമരം ചെയ്യുന്നത് പൊളിക്കാനാണോ ഇവർ ഒപ്പം കൂടിയതെന്ന് ബലമായ സംശയമുണ്ട്. സി.പി.എമ്മും ഡി.വൈ.എഫ്.ഐ.യും മനസ്സുവച്ചാൽ കമ്പനി തകർക്കാൻ കഴിയും. പക്ഷേ, അവർ അതിനൊന്നും തയ്യാറാവുന്നില്ല. ഇപ്പോൾ മുട്ടുന്യായങ്ങൾ പറഞ്ഞ് രാഷ്ട്രീയക്കാർ ഒഴിഞ്ഞ് നിൽക്കുന്നു. രാഷ്ട്രീയക്കാരിൽ ചിലർ ഞങ്ങൾ നടത്തുന്ന സമരം അവരുടേതാക്കി മാറ്റാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനെ ഞങ്ങൾ പ്രതിരോധിക്കും. തുടക്കത്തിൽ ഞങ്ങളുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാനെത്തിയ സന്നദ്ധ സംഘടനകളുടെ സഹായം ഇപ്പോഴും ഞങ്ങൾക്കുണ്ട്. അതുകൊണ്ട് രാഷ്ട്രീയക്കാരുടെ സഹായമില്ലെങ്കിലും സമരം തുടരും.

*കമ്പനി പൂട്ടിപ്പോവുക മാത്രമാണോ ലക്ഷ്യം?*

അല്ല. ഇതിന്റെ പ്രവർത്തനം മൂലം ഞങ്ങൾക്ക് ഒരുപാട് കഷ്ടനഷ്ടങ്ങളുണ്ടായിട്ടുണ്ട്. കോടിക്കണക്കിന് രൂപ നഷ്ടപരിഹാരം നൽകണം. അതിനുശേഷമേ, ഭീമൻ കമ്പനിയെ വിടുകയുള്ളൂ.

*സമരത്തിന്റെ ഭാവി പരിപാടികൾ?*

ഗാന്ധിയൻ രീതിയിലുള്ള സമരമുറകളാണ് ഞങ്ങൾ തുടർന്നുവരുന്നത്. 'അള മുട്ടിയാൽ പാമ്പും കടിക്കും.' അത് ആലോചിക്കുന്നത് എല്ലാവർക്കും നല്ലത്. എല്ലാവരും കൂടിച്ചേർന്ന് ശക്തമാക്കാൻ വേണ്ട നടപടിയെടുക്കും.

*സർക്കാർ നിലപാടിനെക്കുറിച്ചെന്താണ് പറയാനുള്ളത്?*

സർക്കാരിന്റെ നടപടി ധിക്കാരപരമാണ് ഒരു ജനത നാവ് വരണ്ട്, കുടിക്കാൻ വെള്ളമില്ലാതെ നരകിക്കുമ്പോൾ എവിടെനിന്നോ വന്ന വിദേശ കുത്തക കമ്പനിയെ സഹായിക്കുന്ന നിലപാട് സ്വീകരിച്ച് പ്രാദേശിക ജനങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ തയ്യാറാവുന്നില്ല. വേണ്ടിവന്നാൽ മുഖ്യമന്ത്രിയെ നേരിട്ടു കണ്ട് ഞങ്ങളുടെ സങ്കടം ബോധിപ്പിക്കും. എന്നിട്ടും, നടപടിയായില്ലെങ്കിൽ ഭാവി പരിപാടികൾ അപ്പോൾ തീരുമാനിക്കും. ഇപ്പോൾ പൂട്ടിയിരിക്കുന്ന കമ്പനി യാതൊരു കാരണവശാലും തുറക്കാൻ സമ്മതിക്കില്ല.

കോള കമ്പനിക്കുവേണ്ടി സർക്കാർ വൻനഷ്ടം സഹിച്ചാണ് കുടിവെള്ള വിതരണം ചെയ്യുന്നത്. പ്ലാച്ചിമടയിലെ കിണറുകളിൽ മലിനീകരിക്കപ്പെട്ട വെള്ളം പഴയ നിലയിലേക്ക് ആക്കി മാറ്റാൻ പഠനങ്ങൾ നടത്തുവാൻ സർക്കാർ തയ്യാറാവണം.

# കൃഷിനിലം തരിശിട്ട് പ്രതിഷേധിക്കുന്ന കർഷകൻ ഷാഹുൽ ഹമീദ്


കൃഷിക്കാരൻ ഷാഹുൽ ഹമീദ്

**ഈ** മയ്യത്ത് വന്നതാണ് ഞാൻ പിച്ചക്കാരനായി മാറാൻ കാരണമെന്ന് കോള കമ്പനിയുടെ തൊട്ടടുത്ത് താമസിക്കുന്ന കർഷകനായ ഷാഹുൽ ഹമീദ് വേദനയോടെ പറയുന്നു. ആറേക്കർ നിലം ഉപയോഗിക്കാനാവാതെ കിടക്കുന്നു.

കമ്പനി വന്നപ്പോൾ ഒരുപാട് സന്തോഷിച്ചവനാണ് ഞാൻ. കാരണം ഇപ്രദേശത്തെ തൊഴിലില്ലാത്ത കൊറെ കുട്ടികൾക്ക് ജോലി കിട്ടുമല്ലോ എന്ന് കരുതി. പക്ഷേ, ഞങ്ങളുടെ കഞ്ഞികുടി മുട്ടിക്കുമെന്ന് ഒരിക്കലും കരുതിയില്ല. രണ്ടുതവണ നെൽകൃഷി ചെയ്തുവന്നവനാണ് ഞാൻ. ഇപ്പോൾ എന്തു കൃഷി ചെയ്താലും വിളവ് കിട്ടുന്നില്ല. പിന്നെ നഷ്ടം സഹിച്ച് കൃഷി ചെയ്തിട്ടെന്താണ് കാര്യം ? അതുകൊണ്ടാണ് ഭൂമി തരിശിടാൻ തീരുമാനിച്ചത്.

കിണറ്റിൽ വെള്ളമുണ്ട്. അത് കൃഷിക്ക് ഉപയോഗിക്കാൻ പറ്റില്ല. ആറേക്കറ് കൃഷിയുള്ള കർഷകനായ ഞാനിന്ന് ചോറുണ്ണാൻ അരപുറത്ത് കടയിൽനിന്ന് വാങ്ങിയാണ് ഉപയോഗിക്കുന്നത്. തേങ്ങയും, മാങ്ങയും ചക്കയുമൊക്കെ നന്നായി വിളഞ്ഞ ഭൂമിയാണ്. ഇവയുടെ വിളവ് മൂന്നിലൊന്നായി കുറഞ്ഞു. മകൻ സൈക്കിളിൽ ഐസ് കച്ചവടം നടത്തി കിട്ടുന്ന വരുമാനമാണ് ഇപ്പോൾ അരി വാങ്ങിക്കാൻ ഉപയോഗിക്കുന്നത്.

*കോളയ്ക്കെതിരായുള്ള സമരം വിജയിക്കുമെന്ന് കരുതുന്നുണ്ടോ?*

സംശയമെന്താണ്? ഞങ്ങളുടെയും മക്കളുടെയും ഭാവി ജീവിതം തകർത്തവനാണ് കോള. എത്ര വലിയവനായാലും സമരത്തിന് മുന്നിൽ മുട്ടുകുത്തിയ ചരിത്രമാണ് നമ്മൾക്കുള്ളത്. പ്ലാച്ചിമടക്കാർ ഒന്നിച്ചുനിൽക്കുന്ന കാലത്തോളം ഈ മയ്യത്തിന് തുറന്ന് പ്രവർത്തിക്കാൻ കഴിയില്ല.

*രാഷ്ട്രീയ പാർട്ടിക്കാരുടെ നിലപാടിനെപ്പറ്റി?*

അവരെന്ത് നിലപാടെടുത്താലും, കമ്പനി വന്നതുമൂലം ദുരിതം അനുഭവിക്കുന്നത് എന്നെപ്പോലുള്ള അനേകം കർഷകരാണ്. സമരത്തിന്റെ തുടക്കം മുതൽ ഞാനുണ്ട്. ഇപ്പോൾ പ്ലാച്ചിമടയിലെയും പരിസര പ്രദേശങ്ങളിലെയും നൂറു കണക്കിന് കർഷകർ കമ്പനിക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്. കർഷകരും ആദിവാസികളും ഒന്നിച്ചണിനിരന്നാൽ പാർട്ടിക്കാരുടെ ഇപ്പോഴത്തെ നിലപാടിൽ മാറ്റം വരുത്തേണ്ടിവരും. കാരണം വോട്ട് കിട്ടിയാലേ രാഷ്ട്രീയക്കാരന് നിലനിൽക്കാൻ കഴിയുകയുള്ളുവെന്നത് സത്യമല്ലേ?

സമരരംഗത്തുനിന്ന് പിൻമാറാൻ വേണ്ടി മയ്യത്തിന്റെ ആളുകൾ എനിക്ക് ഒന്നര ലക്ഷം തരാമെന്ന് വാഗ്ദാനം ചെയ്തു. ഞാൻ അത് വേണ്ടെന്ന് വയ്ക്കുകയുണ്ടായി. കോളയുടെ മരണം കണ്ടതിനുശേഷമേ ഞാൻ ചാവുകയുള്ളു; അതുറപ്പാണ്. അദ്ദേഹം പറഞ്ഞു.